# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1544   03.05.2017 ൽ മറുപടിയ്ക്ക്

## ആറന്മുള നിയോജക മണ്ഡലത്തിൽ പോലീസിനെതിരായ കേസ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.വീണാ ജോർജ്ജ് | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആറന്മുള നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകളിലെ ജീവനക്കാർക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതൊക്കെ കേസ്സുകൾ; ഇതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള പോലീസുകാർ എത്ര ; മറ്റുജീവനക്കാർ എത്ര; വിശദമാക്കുമോ; | (എ) ഈ സർക്കാരിന്റെ കാലത്ത് ആറന്മുള നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ആറന്മുള, കോയിപ്രം, പത്തനംതിട്ട എന്നീ പോലീസ് സ്റ്റേഷനുകളിലെ പോലീസുദ്യോഗസ്ഥർക്ക് എതിരെയോ മറ്റ് സർക്കാർ ജീവനക്കാർക്കെതിരെയോ പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) ആറന്മുള നിയോജക മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ നിലവിൽ എത്ര കേസ്സുകൾ നടപടിയെടുക്കാതെ കിടക്കുന്നുണ്ട്; ആയതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) ആറന്മുള, കോയിപ്രം, പത്തനംതിട്ട എന്നീ പോലീസ് സ്റ്റേഷനുകളിൽ നടപടി സ്വീകരിയ്ക്കാത്ത കേസുകൾ ഒന്നും നിലവിലില്ല. |
| (സി) ആറന്മുള നിയോജക മണ്ഡലത്തിലെ പോലീസ് കേസ്സുകളിൽ ഒളിവിൽ പോയവർ ആരൊക്കെ; ഇവരെ പിടികൂടുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) ആറന്മുള നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ആറന്മുള, കോയിപ്രം, പത്തനംതിട്ട എന്നീ പോലീസ് സ്റ്റേഷനുകളിലായി IPC+SLL പ്രകാരം ആകെ 8967 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 62 കേസുകളിലെ പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യേണ്ടതുണ്ട്. അന്വേഷണത്തിൽ ആറന്മുള പോലീസ് സ്റ്റേഷൻ ക്രൈം 1868/16 u/s 376 IPC & POCSO Act പ്രകാരമുള്ള കേസിലെ പ്രകാശ്, കുറിച്ചിമുട്ടം എന്ന പ്രതി ഒളിവിൽ പോയിട്ടുള്ളതായി അറിവായിട്ടുണ്ട്. ടിയാളെ കണ്ടെത്തുന്നതിനായി ശാസ്ത്രീയ പരിശോധന ഉൾപ്പെടെയുള്ള ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ.